(4) തൃക്കരിപ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കേണ്ടത് സംബന്ധിച്ച്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : സർ, എന്റെ നിയോജകമണ്ഡലത്തിലെ തൃക്കരിപ്പൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽനിന്ന് ഗൈനക്കോളജിസ്റ്റിനെ സ്ഥലം മാറ്റിയതുകാരണം ആ സ്ഥാപനത്തിലെ പ്രസവ വാർഡ് അടച്ചുപൂട്ടേണ്ട അവസ്ഥയിലാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സി.എച്ച്.സി. ആയി ഉയർത്തിയ ഈ സ്ഥാപനം തൃക്കരിപ്പൂർ, വലിയപറമ്പ, പിലിക്കോട്, ചീമേനി, കയ്യൂർ, പടന്ന, കരിവള്ളൂർ തുടങ്ങിയ നിരവധി പഞ്ചായത്തുകളിലെ സാധാരണക്കാരായ ആളുകൾ പ്രസവത്തിനായി എത്തുന്ന ഒരു ആതുരാലയമാണ്. അവിടെ നിന്ന് ഗൈനക്കോളജിസ്റ്റിനെ മാറ്റി കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ നിയമിക്കുകയാണുണ്ടായത്. ഒരു സ്ഥലത്തുനിന്ന് ഗൈനക്കോളജിസ്റ്റിനെ മാറ്റി മറ്റൊരു സ്ഥലത്ത് നിയമിച്ചാൽ ഉണ്ടാകുന്ന അസൗകര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. തൃക്കരിപ്പൂർ സി.എച്ച്.സി.യിൽ ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ അടിയന്തിരമായ നിർദ്ദേശവും നടപടിയുമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം തൃക്കരിപ്പൂരിലെ സാധാരണ പ്രൈമറി ഹെൽത്ത് സെന്ററിനെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായിട്ട് ഉയർത്തി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ എല്ലാം ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ കഴിഞ്ഞില്ലെങ്കിലും തൃക്കരിപ്പൂരിൽ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കാൻ കഴിഞ്ഞു. അവർ അവിടെ ജോലി ചെയ്തുകൊണ്ടിരിക്കുകയായിരുന്നു. ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റ് ലീവായപ്പോൾ ജില്ലാ ആശുപത്രിയിലെ പ്രസവ സംബന്ധമായ രോഗികളുടെ എണ്ണം കൂടുതലായതുകൊണ്ട് തൽക്കാലം ഒരു വർക്കിംഗ് അറേഞ്ച്മെന്റിൽ തൊട്ടടുത്ത തൃക്കരിപ്പൂരിൽനിന്ന് ഗൈനക്കോളജിസ്റ്റിനെ ജില്ലാ ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്. ജില്ലാ ആശുപത്രിയിൽ ആൾ വരുന്ന മുറയ്ക്ക് തിരിച്ച് തൃക്കരിപ്പൂരിൽ തന്നെ സ്ഥലം മാറ്റം കൊടുക്കുന്നതാണ്. ഗൈനക്കോളജിസ്റ്റിന്റെ ലഭ്യത അനുസരിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കും.

(5) കണ്ണൂർ ഗവൺമെന്റ് നേഴ്സിംഗ് സ്കൂളിന്റെ ശോച്യാവസ്ഥ

ശ്രീ. കെ. സുധാകരൻ : സർ, കണ്ണൂരിലെ 26 വർഷം പഴക്കമുള്ള മൂന്ന് ജില്ലകൾക്കുവേണ്ടി സ്ഥാപിച്ച സ്കൂളിന്റെ അപകടകരവും ശോച്യവുമായ അവസ്ഥ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 1973-ൽ ആരംഭിച്ച ഈ സ്കൂളിന് 26 വർഷത്തെ പഴക്കമുണ്ട്. ഇന്നും അതിന് സ്വന്തമായ ഒരു കെട്ടിടമില്ലെന്ന് മാത്രമല്ല താൽക്കാലികമായി പ്രവർത്തിക്കുന്ന കെട്ടിടത്തിൽ ക്ലാസ് മുറികൾ പോലുമില്ല. ലാബ് ഫെസിലിറ്റിയും ഇല്ല. വർഷംതോറും 41 കുട്ടികൾക്ക് പ്രവേശനം കൊടുക്കുന്ന സ്കൂളിൽ മൂന്നാം വർഷത്തെ വിദ്യാർത്ഥികളെ അവിടത്തെ സ്ഥലപരിമിതിമൂലം കോട്ടയത്തേയ്ക്ക് അയയ്ക്കുകയാണ്. കോട്ടയത്താണ് അവർ മൂന്നാം വർഷം പൂർത്തിയാക്കുന്നത്. അതുപോലെ കുട്ടികൾ താമസിക്കുന്ന ഹോസ്റ്റൽ കഴിഞ്ഞ മഴക്കാലത്ത് വീണു. എങ്കിലും ആയുസ്സിന്റെ ഭാഗ്യംകൊണ്ട് കുട്ടികൾ രക്ഷപ്പെട്ടതാണ്. തൽക്കാലത്തേക്ക് പള്ളിക്കുന്ന് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സിംഗ് ഹോസ്റ്റലിലാണ് അവർ

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ താമസിക്കുന്നത്. അതിനുവേണ്ടി ഒരു കെട്ടിടം പുഴാതി പഞ്ചായത്തിൽ പകുതിയോളമായിട്ടുണ്ട്. അതിന്റെ പണി അതോടുകൂടി നിന്നിരിക്കുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ആ സ്കൂളിനും ഹോസ്റ്റലിനും വേണ്ട സൗകര്യങ്ങൾ അടിയന്തിരമായി ഉണ്ടാകണം. ഹോസ്റ്റൽ സൗകര്യത്തിനുവേണ്ടി പൂർത്തിയാക്കാൻ പുഴാതി പഞ്ചായത്തിൽ ആരംഭിച്ച ഹോസ്റ്റലിന്റെ പണി യുദ്ധകാലാടിസ്ഥാനത്തിൽ തീർത്ത് കുട്ടികളെ അവിടേയ്ക്ക് മാറ്റാനുള്ള സാഹചര്യമുണ്ടാക്കണം. അതോടൊപ്പം പഠിക്കാൻ സ്ഥലസൗകര്യങ്ങളോടുകൂടിയ ഒരു പുതിയ കെട്ടിടം ആ സ്കൂളിനുവേണ്ടി കണ്ടെത്താൻ ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു. കണ്ണൂരിനോട് അഭേദ്യമായ മാനസിക കൂറുണ്ടെന്ന് പലപ്പോഴും പറയുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ഔദാര്യം ഇതിലേക്ക് ഉണ്ടാകണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) : സർ, സാധാരണ രീതിയിൽ 25 കൊല്ലമായി ഈ നേഴ്സിംഗ് സ്കൂൾ തുടങ്ങിയിട്ട്. അതിന് ഇതുവരെ കെട്ടിടവും ഹോസ്റ്റലും ഉണ്ടായിട്ടില്ല. 150-ഉം 200-ഉം കൊല്ലം പഴക്കമുള്ള കന്റോൺമെന്റിന്റെ വാടക കെട്ടിടത്തിൽ ഹോസ്റ്റൽ പ്രവർത്തിക്കുന്നു. ആ വാടക കെട്ടിടത്തിലാണ് ലാബും സൗകര്യങ്ങളുമൊക്കെ. കണ്ണൂരിനെ സാധാരണഗതിയിൽ ഇത്തരം കാര്യങ്ങളിൽ അവഗണിക്കുന്നുവെന്നുള്ള പരാതി അവർക്ക് ഉണ്ട്. ഏതായാലും നേഴ്സിംഗ് സ്കൂളിനുവേണ്ടി 37 ലക്ഷം രൂപ മതിപ്പ് തുകയുള്ള ഹോസ്റ്റൽ കെട്ടിടത്തിന്റെ പണി ഇപ്പോൾ തുടങ്ങി. ഏറെക്കുറെ തീരാറായിട്ടുണ്ട്. പക്ഷെ, ബഡ്ജറ്റിൽ പണം കുറവായതുകൊണ്ട് കരാറുകാരെ സമ്പന്ധിച്ചിടത്തോളം ആവശ്യമായ 5 ലക്ഷം രൂപയേയുള്ളൂ. 10 ലക്ഷം രൂപ കൊടുക്കാൻ ബാക്കിയുണ്ട്. അതുകൊണ്ട് അത് പരിഹരിക്കാൻ അഡീഷണൽ ആതറൈസേഷൻ കിട്ടുന്നതിനുവേണ്ടി അവിടത്തെ എം.എൽ.എ. മാരെല്ലാം ഒപ്പിട്ട കത്ത് എനിക്ക് തന്നിട്ടുണ്ട്. ഞാനും അയച്ചിട്ടുണ്ട്. സ്വാഭാവികമായി ബഡ്ജറ്റിൽ പണം കിട്ടുന്ന മുറയ്ക്ക് പണി തുടങ്ങാൻ കഴിയും. ഈ വർഷം ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസറിൽനിന്ന് കെട്ടിടമുണ്ടാക്കാനുള്ള നിർദ്ദേശം തന്നിട്ടുണ്ട്. അത് പി.ഡബ്ല്യു.ഡി. പരിശോധിച്ചുവരികയാണ്. പരിശോധിച്ച് കഴിഞ്ഞ് നിർദ്ദേശമുണ്ടായാൽ അതും കഴിയുന്നതും വേഗം തുടങ്ങാം. ധനലഭ്യത അനുസരിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(6) മൾട്ടിപ്പിൾ മൈലോമയ്ക്കു തിരുവനന്തപുരം ആർ.സി.സി.യിൽ ചികിത്സ ലഭിക്കാത്തത് സംബന്ധിച്ച്

ഡോ. എം.എ. കുട്ടപ്പൻ : സർ, നമ്മുടെ എല്ലുകളെ ബാധിക്കുന്ന മാരകമായ കാൻസർ രോഗങ്ങളിൽ ഒന്നാണ് മൾട്ടിപ്പിൾ മൈലോമ. ആ മൾട്ടിപ്പിൾ മൈലോമയ്ക്ക് തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിൽ ചികിത്സ നൽകാൻ അവിടത്തെ ഡോ. കൃഷ്ണൻ നായർ അനുവാദം നൽകുന്നില്ല. അദ്ദേഹം പറയുന്നത് ഒന്നുകിൽ ന്യൂഡൽഹിയിലെ ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലോ അല്ലെങ്കിൽ അപ്പോളോയിലോ പോകണമെന്നാണ്. അവിടെയാണെങ്കിൽ എല്ലാ വിദ്യാഭ്യാസ യോഗ്യതയും ലോകോത്തര സെന്ററുകളിൽനിന്ന് ട്രെയിനിംഗും ലഭിച്ച ഡോ. ഗംഗാധരൻ ഉണ്ട്. ഈ മൾട്ടിപ്പിൾ മൈലോമയ്ക്ക് ചികിത്സ നൽകാൻ മൈക്രോ ബയോളജി ലാബ്, ഫ്ളോ

LIBRARY ARCHIVES Kerala Legislative Assembly